# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 5**

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

## വിശുദ്ധി: ബലഹീനതയിൽ വെളിപ്പെടുന്ന ദൈവകൃപയുടെ ശക്തി

വിശ്വാസത്തിന്റെ വെളിച്ചത്തിലേക്ക് നമ്മെ വഴി നടത്തിയ മാർതോമ്മാ ശ്ലീഹായുടെ ദുക്റാനയും, ആ പുണ്യപിതാവിന്റെ ഭാരതപ്രേഷിതത്വത്തിന്റെ ഉദാത്തഫലമായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളും നമ്മുടെ രൂപതയുടെ ഏറ്റവും വലിയ വിശ്വാസപ്രഘോഷണ കൂട്ടായ്മയായ വാൽസിംഹാം തീർത്ഥാടനവും ആത്മീയ ഉണർവു പകരുന്ന നാളുകളിലൂടെയാണ് നാം കടന്നുപോകുന്നത്. വാൽസിംഹാം തീർത്ഥാടനത്തിനു ശേഷം, ആധുനിക കാലത്ത് കത്തോലിക്കാ തിരുസഭയുടെ ആദ്ധ്യാത്മികതയെ നിർണ്ണായകമായ വിധത്തിൽ സ്വാധീനിച്ച വിശുദ്ധരായ ലിസ്യുവിലെ കൊച്ചുത്രേസ്യായുടെയും ജോൺ മരിയ വിയാനിയുടെയും, മാർഗ്ഗരറ്റ് മേരി അലക്കോക്കിന്റെയും കബറിടങ്ങൾ സന്ദർശിച്ചു പ്രാർത്ഥിക്കുവാനും, പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ടു സന്ദേശങ്ങൾ നല്കിയ ലൂർദ്ദിലും ലാസലെറ്റിലും ധ്യാനാത്മകമായി സമയം ചിലവഴിക്കുവാനും ദൈവം എനിക്ക് അനുഗ്രഹം നല്കി.

ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് ദൈവാനുഭവത്തിന്റെ വലിയ സാക്ഷ്യമായി എത്തിച്ചേർന്ന അനേകായിരം തീർത്ഥാടകരോടൊപ്പം പ്രാർത്ഥിച്ചപ്പോൾ വിശുദ്ധിയുടെ പ്രകാശം ഇന്നും ലോകത്തിൽ സമൃദ്ധമായി വർഷിക്കുന്ന ദൈവത്തിന്റെ അനന്തപരിപാലനയെക്കുറിച്ച് കൃതജ്ഞതാപൂർവ്വം ഞാൻ അനുസ്മരിച്ചു. ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ, 2018 മാർച്ച് പത്തൊമ്പതാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ തിരുസഭയ്ക്കു നല്കിയ 'ഗാവ്ദത്തേ എത്ത് എക്സുൾത്താത്തെ' (GE) എന്ന ശ്ലൈഹിക പ്രബോധനത്തിന്റെ ഉൾക്കാഴ്ചകളിലേക്ക് അമലോത്ഭവയുടെ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനമായ ഇന്ന് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ആദ്ധ്യാത്മികതയും വിശുദ്ധിയും അനാകർഷകമോ, അപ്രാപ്യമോ അയഥാർത്ഥമോ ആയ ഒരു കാര്യമായി തെറ്റായി വ്യാഖ്യാനിക്കപ്പെടുന്ന ഇക്കാലത്ത് 'വിശുദ്ധി' ഏറ്റവും അഭിലഷണീയമായ ജീവിതലക്ഷ്യമായിരിക്കണമെന്ന് പരിശുദ്ധ പിതാവ് നമ്മെ പഠിപ്പിക്കുന്നു.

വിശുദ്ധി ഏറ്റവും ആകർഷണീയവും ആനന്ദദായകവുമായ ജീവിത ലക്ഷ്യമായി അവതരിപ്പിക്കുന്ന മാർപാപ്പാ വിശുദ്ധിയല്ലാതെ മറ്റൊന്നും യഥാർത്ഥമായ സന്തോഷം നമുക്ക് പ്രദാനം ചെയ്യില്ല എന്ന് സംശയാതീതമായി പ്രഖ്യാപിക്കുന്നു. അതുകൊണ്ടുതന്നെ ഈ പ്രബോധനത്തിന്റെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന പേര് ഇതിന്റെ ഉള്ളടക്കത്തെ അർത്ഥ പൂർണ്ണമായും കൃത്യമായും അവതരിപ്പിക്കുന്നു.

വിശുദ്ധിയിലേക്കുള്ള വിളി നമ്മുടെ ഐഹിക ജീവിതത്തിന്റെ ഏതെങ്കിലുമൊരു പ്രത്യേക ബിന്ദുവിൽ തുടങ്ങുന്നതല്ല, മറിച്ച് പരിശുദ്ധ റൂഹാ പൗലോസ് ശ്ലീഹായിലൂടെ നമ്മെ പഠിപ്പിക്കുന്നതു പോലെ ലോകസ്ഥാപനത്തിനു മുമ്പു തന്നെയുള്ളതാണ്. "തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കുവാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്ന് നമ്മെ മിശിഹായിൽ തിരഞ്ഞെടുത്തു" (എഫേ 1:4).

സഭയുടെ ശിരസ്സ് മിശിഹാ ആയതിനാൽ, അവൾ ദൈവസാന്നിദ്ധ്യത്തിന്റെ നിറവാണ്. വിശുദ്ധിയാക

ട്ടെ ദൈവസാന്നിദ്ധ്യത്തിന്റെ പ്രതിഫലനവുമാണ് (GE 7). വിശുദ്ധിയിലേക്ക് എല്ലാവർക്കും ക്ഷണം നൽകുന്നവൻ അതിനുള്ള മാർഗ്ഗമായാണ് തിരുസ്സഭയെ സ്ഥാപിച്ചിരിക്കുന്നത്. പ്രവേശകകൂദാശകളിലൂടെ ലഭിച്ച കൃപ ഫലം പുറപ്പെടുവിക്കുന്നത് വിശുദ്ധിയുടെ പാതയിലാണ്. വിശുദ്ധ ഗ്രന്ഥം, കൂദാശകൾ, വിശുദ്ധ സ്ഥലങ്ങൾ, സജീവ സഭാ സമൂഹങ്ങൾ, വിശുദ്ധരുടെ സാക്ഷ്യങ്ങൾ, ദൈവസ്നേഹത്തിൽ നിന്ന് പുറപ്പെടുന്ന സൗന്ദര്യത്തിന്റെ വൈവിദ്ധ്യമാർന്ന മുഖങ്ങൾ എന്നിങ്ങനെ വിശുദ്ധിയിലേക്ക് വളരാനാവശ്യമുള്ളതെല്ലാം തിരുസ്സഭയിൽ കണ്ടെത്താൻ കഴിയും (GE 15).

വിശുദ്ധി പ്രാപിക്കണമെന്ന ആഗ്രഹം നമ്മുടെ ഹൃദയത്തിൽ ഉടലെടുക്കുമ്പോൾ തന്നെ ഇത്ര ശ്രേഷ്ഠമായ ഒരു വിളി ജീവിക്കുവാൻ സാധിക്കുമോ എന്ന മാനുഷിക ചിന്തയും നമ്മിലുണ്ടാകുന്നു. മിശിഹാ തന്റെ ഉത്ഥിത ജീവനാണ് നമ്മോടൊത്ത് പങ്കുവയ്ക്കുന്നത്. അവന്റെ ശക്തിയാണ് ബലഹീനരായ നമ്മിലൂടെ വെളിപ്പെടുന്നത്. മനുഷ്യന്റെ ബലഹീനതയും ദൈവകൃപയുടെ ശക്തിയും തമ്മിലുള്ള കണ്ടുമുട്ടലാണ് വിശുദ്ധി. അതുകൊണ്ട് ബലഹീനതകളെക്കുറിച്ച് നാം അസ്വസ്ഥരാകേണ്ടതില്ല; കാരണം ആത്യന്തികമായി ഈ വിശുദ്ധി എന്നത് നമ്മിൽ പ്രവർത്തിക്കുന്ന പരിശുദ്ധ റൂഹായുടെ ഫലമാണ് (GE 15). ഓരോ വിശുദ്ധനും വിശുദ്ധയും ഈശോ മിശിഹായുടെ സമ്പന്നതയിൽ നിന്ന് പരിശുദ്ധ റൂഹാ എടുത്ത് അവിടുത്തെ ജനത്തിന് നൽകുന്ന ഒരു സന്ദേശമാണ് (GE 21). ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതിയും നമ്മുടെ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യവും വിശുദ്ധിയായിരിക്കെ, വിശുദ്ധരാകാതിരിക്കുന്നതാണ് നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തം (GE 34).

കുടുംബമാണ് വിശുദ്ധിയുടെ പരിശീലനകളരി. കുടുംബഭദ്രത വിശുദ്ധിയുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. വിവാഹമെന്ന കൂദാശയിലൂടെ, വളരെ പ്രയാസമേറിയ ഒരു സുകൃതത്തിന്റെ അഭ്യസനത്തിലേക്കാണ് ദമ്പതികൾ വിളിക്കപ്പെട്ടിരിക്കുന്നത്. അത് ദാമ്പത്യ വിശ്വസ്തതയെന്ന സുകൃതമാണ്. അത് ഒരു നോമ്പുപോലെ, വ്രതം പോലെ കാത്തുസൂക്ഷിക്കുന്നിടത്ത് വിശുദ്ധിയുടെ സൗരഭ്യമുയരും.

ജീവിതയാത്രയിലെ സുഖദുഃഖങ്ങളിൽ കൈകോർത്തു നീങ്ങേണ്ടവരാണ് ദമ്പതികൾ. പ്രതിസന്ധികളിൽ ദൈവതിരുമുമ്പാകെ ഒന്നിച്ചു മുട്ടുകുത്തേണ്ടവർ. മക്കളെപ്പറ്റിയും അവരുടെ ഭാവിയെപ്പറ്റിയുമൊക്കെ ഒന്നിച്ച് നിറമുള്ള സ്വപ്നങ്ങൾ കാണേണ്ടവർ. രണ്ടുപേരുടെയും മാതാപിതാക്കളെ പൊന്നുപോലെ നോക്കേണ്ടവർ. ഒന്നിച്ചുള്ള ഭക്ഷണവും പ്രാർത്ഥനയും വിശുദ്ധ ഗ്രന്ഥപാരായണവും കുടുംബത്തെ വിശുദ്ധിയുടെ പരിമളം പ്രസരിക്കുന്ന ഇടമാക്കുന്നു. ഈ സുഗന്ധം വീടിനെ എപ്പോഴും സ്നേഹത്തോടെ ഓർമ്മിക്കാനുള്ള സ്ഥലമാക്കുന്നു. ദൈവാലയത്തിലേക്കും മറ്റെവിടേക്കും ദമ്പതികൾ മുഖപ്രസാദമുള്ളവരായി ഒന്നിച്ചു യാത്രചെയ്യുമ്പോൾ അത് വിശുദ്ധ ദാമ്പത്യത്തിന്റെ ശക്തമായ സാക്ഷ്യവുമാകുന്നു.

വിവാഹമെന്ന കൂദാശയിലൂടെ ദമ്പതികൾ ഭരമേൽക്കുന്ന മറ്റൊരു പ്രധാന ദൗത്യം കുഞ്ഞുങ്ങളുടെ വിശുദ്ധീകരണമാണ്. ദമ്പതികളുടെ അവകാശമാണ് കുഞ്ഞുങ്ങൾ എന്നു പറയാനാവില്ല. മറിച്ച്, മക്കൾ ദൈവത്തിന്റെ ദാനമാണ്. എന്റെ അജപാലന സന്ദർശനങ്ങളിൽ കുടുംബത്തിലും സമൂഹത്തിലും നമ്മുടെ കുഞ്ഞുങ്ങൾ പ്രദർശിപ്പിക്കുന്ന ബുദ്ധി വൈഭവവും വിവിധ മേഖലകളിലെ പ്രവർത്തനമികവുമെല്ലാം സന്തോഷത്തോടും അഭിമാനത്തോടും കൂടെ ഞാൻ നോക്കിക്കാണാറുണ്ട്. എല്ലാ നല്ല ദാനങ്ങളും കഴിവുകളും പ്രോത്സാഹിപ്പിക്കപ്പെടണം. എന്നാൽ അവരുടെ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം 'ശിശുക്കൾ എന്റെ അടുക്കൽ വരട്ടെ' എന്നരുൾചെയ്ത ഈശോ മാത്രമാണ്. നമ്മുടെ തിരഞ്ഞെടുപ്പുകൾ ഈശോയിലേക്ക് കുഞ്ഞുങ്ങളെ എത്തിക്കുവാൻ സഹായിക്കുന്നവയാകണം. വിശുദ്ധിയാണ് തിരുസ്സഭയുടെ ഏറ്റവും ആകർഷണീയമായ മുഖം (GE 9). തിരുസഭയുടെ അംഗങ്ങൾ എന്ന നിലയിൽ നമ്മുടെയും ഏറ്റവും ആകർഷണീയമായ മുഖം വിശുദ്ധി തന്നെ. 'വിശുദ്ധരുടെ കൂട്ടായ്മ' എന്നത് തിരുസഭയുടെ മറ്റൊരു പേരാണ്. നമ്മുടെ ജീവിതം വിശുദ്ധമാകുമ്പോൾ തിരുസഭയുടെ മുഖത്തിന് ശോഭ ഏറുകയും അങ്ങനെ മിശിഹായുടെ മുഖം ലോകത്തിൽ കൂടുതൽ തെളിമയോടെ പ്രകാശിക്കുകയും ചെയ്യും.

വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ തന്റെ വീടിനെ ഓർമ്മിക്കുന്നത് ഇത്തരുണത്തിൽ പ്രസ

ക്തമാണ്. ''എന്റെ വീട്ടിൽ വിശുദ്ധരുടെ ജീവചരിത്രം വായിച്ചിരുന്നു. ഞങ്ങളുടെ ദിവസം അവസാനിക്കുന്നത് ദൈവവിചാരത്തിലും വിശുദ്ധരെക്കുറിച്ചുള്ള ചിന്തകളിലുമായിരിക്കണമെന്ന് ഞങ്ങളുടെ മാതാപിതാക്കൾക്ക് നിർബന്ധമുണ്ടായിരുന്നു. വീട്ടിൽ ഞാൻ ശ്വസിച്ചത് വിശ്വാസത്തിന്റെ വായുവാണ്. എന്റെ മാതാപിതാക്കൾ എന്നെ കേൾപ്പിച്ചതു മിശിഹായുടെ സ്വരമാണ്'' (അനുദിന ഭക്തി 4). വിശുദ്ധിയിൽ വളരുന്നതിന് കുടുംബ സാചര്യങ്ങൾ ഏറ്റവും പ്രധാനപ്പെട്ടതാണെന്ന് ഈ സാക്ഷ്യം നമ്മെ ബോധ്യപ്പെടുത്തുന്നു.

വീടിനെപ്പറ്റിയുള്ള പോപ്പ് എമരിറ്റസ് ബനഡിക്റ്റ് 16-ാമന്റെ ഓർമ്മകളും ഇവിടെ സ്മരണീയം തന്നെ. അദ്ദേഹം പറയുന്നു: ''ചെറുപ്പത്തിൽ ഞാനും എന്റെ സഹോദരൻ ജോർജ്ജും എപ്പോഴൊക്കെ വീടിനു പുറത്തേക്കുപോകുന്നോ അപ്പോഴൊക്കെ ഞങ്ങളുടെ അമ്മ ഞങ്ങളുടെ നെറ്റിയിൽ കുരിശടയാളം വരച്ചു വിടുമായിരുന്നു. ഇന്നും ഞങ്ങൾ ആ കുരിശിന്റെ സംരക്ഷണത്തിലാണ് കഴിയുന്നത്.'' (കർത്താവിന്റെ മുന്തിരിത്തോപ്പിൽ, 97). നമ്മുടെ കുഞ്ഞുങ്ങൾക്ക് വിശുദ്ധ കുരിശിന്റെയും വിശുദ്ധ കൂദാശകളുടെയും സംരക്ഷണകവചങ്ങളുണ്ടെന്ന് ഉറപ്പുവരുത്തുവാൻ മാതാപിതാക്കൾക്ക് കഴിയട്ടെ. അവർ വിശുദ്ധ കുർബാന സ്വീകരിക്കുന്നത് വേണ്ടത്ര യോഗ്യതയോടെയാണോ എന്ന് അന്വേഷിക്കുന്നത് മാതാപിതാക്കളുടെ കടമയാണ്. കുമ്പസാരിച്ചിട്ട് എത്രനാളായെന്ന് മക്കളോട് ചോദിക്കുവാൻ നാം മടിക്കരുത്.

'നിതാന്ത ജാഗ്രതയാണ് സ്വാതന്ത്ര്യത്തിന്റെ വില' എന്നു പറയാറുണ്ട്. വിശുദ്ധിയുടെ വിലയും ജാഗ്രത തന്നെയാണ്. ജീവിതത്തിൽ, വിശുദ്ധിയുടെ വെളിച്ചം കെടുത്തുന്ന തിന്മയുടെ ആധുനിക രൂപങ്ങളെപ്പറ്റി നാം അവബോധമുള്ളവരാകണം. വിശുദ്ധിയിലേക്കുള്ള വിളിയെ അവഗണിക്കുന്ന പ്രവണത നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചു വരികയാണ്. നാം ദൈവത്തിന്റെ ആലയമാണെന്ന സത്യം ഗ്രഹിക്കാതെയും ഗ്രഹിച്ചാൽത്തന്നെ അതേപ്പറ്റി വേണ്ടത്ര അവബോധമില്ലാതെയുമാണ് ചിലപ്പോഴെങ്കിലും നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും മുന്നേറുന്നത്. ദൈവവചനം ഇപ്രകാരം നമ്മെ ഓർമ്മപ്പെടുത്തുന്നു. ''നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധ റൂഹായുടെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ?'' (1 കൊറി 6:19). സഭാപിതാക്കന്മാർ മനുഷ്യഹൃദയത്തെ ശരീരമാകുന്ന ദൈവാലയത്തിലെ അൾത്താരയായാണ് വ്യാഖ്യാനിക്കുക. ഹൃദയശുദ്ധിയോടെ ഈ അൾത്താര നാം കാത്തുസൂക്ഷിച്ചാൽ ദൈവത്തെ കാണുന്ന അനുഭവം നമ്മുടെതാകും (മത്താ 5:8). വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു: ''നിങ്ങൾ നിർദ്ദോഷരും കളങ്കരഹിതരുമായിത്തീർന്ന് വഴിപിഴച്ചതും വക്രതയുള്ളതുമായ തലമുറയുടെ ഇടയിൽ കുറ്റമറ്റ ദൈവമക്കളാകട്ടെ. അവരുടെ മധ്യേ ലോകത്തിൽ നിങ്ങൾ വെളിച്ചമായി പ്രകാശിക്കുകയും ചെയ്യട്ടെ''(ഫിലി 2:15).

വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന ദൈവം തന്റെ വചനത്താലും പരിശുദ്ധ റൂഹായാലും നാമെല്ലാവരെയും വിശുദ്ധീകരിക്കട്ടെ. അതിനായി പാപരഹിതയും സകല വിശുദ്ധരുടെയും രാജ്ഞിയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും അമലോത്ഭവയുടെ വിശുദ്ധ അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥ്യം നമുക്ക് യാചിക്കുകയും ചെയ്യാം.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധ റൂഹായുടെ സംസർഗ്ഗവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

പ്രസ്റ്റൺ, 28/07/2018

---

NB: ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2018 സെപ്റ്റംബർ 30 ന് മുമ്പ് വായിക്കേണ്ടതാണ്.